● ലേഖനം

സ്വദ്റുദ്ദീൻ വാഴക്കാട്




# കേരളത്തിൽനിന്ന് അറബിയിൽ ഒരു ഖുർആൻ വ്യാഖ്യാനം

**ഇസ്‌ലാമിക** വൈജ്ഞാനിക മേഖലക്ക് അമൂല്യമായ സംഭാവനകൾ നൽകിയ നിരവധി ഇന്ത്യൻ പണ്ഡിതന്മാരുണ്ട്. ഖുർആൻ, ഹദീസ്, കർമശാസ്ത്രം, ചരിത്രം, തസ്വവ്വുഫ് തുടങ്ങിയ വിഷയങ്ങളിൽ നൂറുകണക്കിന് ഗ്രന്ഥങ്ങളാണ് അവർ രചിച്ചിട്ടുള്ളത്. കേരളീയ പണ്ഡിതന്മാരും ഈ രംഗത്ത് ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. അറബിഭാഷയിൽ തന്നെ ഗ്രന്ഥരചന നിർവഹിച്ച ഒട്ടേറെ പണ്ഡിതന്മാർ കേരളത്തിലുണ്ടായിരുന്നു. ഖുർആൻ പാരായണശാസ്ത്രം, ഹദീസ് സാങ്കേതിക ശബ്ദങ്ങൾ, ഫിഖ്ഹ്, സ്വൂഫിസം, മൗലിദ്, ചരിത്രം, ഭാഷാശാസ്ത്രം, കവിത തുടങ്ങിയ മേഖലകളിലാണ് ഏറെ കൃതികൾ എഴുതപ്പെട്ടിട്ടുള്ളത്. എന്നാൽ കേരളീയരായ പൂർവകാല പണ്ഡിതരാരും അറബിയിൽ ഖുർആൻ വ്യാഖ്യാനം എഴുതിയതായി അറിയില്ല.

## സയ്യിദ് ഇസ്മാഈൽ പൂക്കോയതങ്ങൾ

അറബി ഭാഷയിൽ ഖുർആൻ വ്യാഖ്യാനഗ്രന്ഥമെഴുതിയ മലയാളി പണ്ഡിതനാണ് സയ്യിദ് ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ. *അലാ ഹാമിശിത്തഫാസീർ* എന്ന പേരിൽ ഏഴു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ തഫ്സീറായിരിക്കും ഒരുപക്ഷേ, ഒരു കേരളീയ പണ്ഡിതൻ അറബിയിൽ രചിച്ച ആദ്യത്തെ സമ്പൂർണ ഖുർആൻ വ്യാഖ്യാനം. തഫ്സീറിനുപുറമെ വേറെയും ചില കൃതികൾ അറബി ഭാഷയിൽ തന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്. മത-ഭൗതിക വിഷയങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് അദ്ദേഹം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും, മുസ്‌ലിം ഐക്യത്തിൽ അദ്ദേഹത്തിനുള്ള താൽപര്യവും എടുത്തുപറയേണ്ടതാണ്.

1934-ൽ തലശ്ശേരിക്കടുത്ത പാനൂർ മൊകേരിയിൽ ജനിച്ച സയ്യിദ് ഇസ്മാഈൽ പൂക്കോയ തങ്ങൾ വിവിധ പള്ളിദർസുകളിൽ പഠിക്കുകയും വെല്ലൂർ ബാഖിയാത്തിൽനിന്ന് 'ബാഖവി' ബിരുദം നേടുകയും ചെയ്തു. പല സ്ഥാപനങ്ങളിലും മുദർരിസായി സേവനമനുഷ്ഠിച്ച അദ്ദേഹം, മത-ഭൗതിക വിദ്യാഭ്യാസത്തെ സമന്വയിപ്പിച്ചുകൊണ്ടുള്ള ആദ്യത്തെ സുന്നീ സ്ഥാപനമായ സഖാഫത്തുൽ ഇസ്‌ലാം അറബിക് കോളേജ് 1971-ൽ കോഴിക്കോട് ജില്ലയിലെ ഉമ്മത്തൂരിൽ ആരംഭിച്ചു. 1975-ൽ പാനൂർ മൊകേരിയിൽ 'ജാമിഅ സഹ്റ' തുടങ്ങി. സെക്കന്ററി, ഹയർസെക്കന്ററി, ബിരുദ-ബിരുദാനന്തര തലങ്ങളിൽ മത-ഭൗതിക വിഷയങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഇവിടെ നിലവിലുള്ളത്.

യാഥാസ്ഥിതികമായ പാരമ്പര്യ സുന്നീധാരയിൽനിന്ന് വേറിട്ടു നിൽക്കുന്നതും അവരുടെ വിമർശനങ്ങൾക്ക് വിധേയമായതുമാണ് പൂക്കോയ തങ്ങളുടെ വീക്ഷണങ്ങളും വിദ്യാഭ്യാസ കാഴ്ചപ്പാടും സ്ഥാപനങ്ങളും. കാലോചിതമായ പരിവർത്തനം പാഠ്യപദ്ധതിയിൽ ആവിഷ്കരിക്കാതെ പരമ്പരാഗത പള്ളിദർസുകളെ അറബിക് കോളേജുകളായി പേരുമാറ്റുന്നതിനോട് അദ്ദേഹം വിയോജിക്കുന്നു. 'ജാമിഅ സഹ്റ' കാമ്പസിലെ മുഹ്‌യിദ്ദീൻ മസ്ജിദിൽ അദ്ദേഹം നടത്തുന്ന ജുമുഅ ഖുത്ബകൾ നുബാതി കിതാബിന്റെ വായനയല്ല, സമകാലിക വിഷയങ്ങൾ ഇസ്‌ലാമികാടിത്തറകളിൽ വിശകലനം ചെയ്യുന്ന പ്രൗഢമായ പ്രഭാഷണങ്ങളാണ്. 73-ാമത്തെ വയസ്സിലും വൈജ്ഞാനിക സേവനരംഗത്ത് അദ്ദേഹം സജീവമാണ്.

## അലാ ഹാമിശിത്തഫാസീർ

സയ്യിദ് ഇസ്മാഈൽ പൂക്കോയ തങ്ങളുടെ പ്രധാന രചനയാണ് *അലാ ഹാമിശിത്തഫാസീർ*. ഗഹനമായ വിശകലനരീതിയും ആകർഷകമായ അവതരണശൈലിയും ആധുനിക വിഷയങ്ങളെ കൂടി അപഗ്രഥിച്ചുകൊണ്ടുള്ള വിശദീകരണങ്ങളും ഈ തഫ്സീറിന്റെ സവിശേഷതയാണ്. പഴയ കിതാബുകളുടെയും ആധുനിക അറബി സാഹിത്യത്തിന്റെയും സമ്മിശ്രഭാഷയാണ് ഗ്രന്ഥകാരന്റേത്.

പരമ്പരാഗത തഫ്സീറുകളെ അന്ധമായി അനുകരിക്കാതെ അവയിലെ നന്മകൾ സ്വീകരിക്കുകയും പലതിലും കടന്നുകൂടിയ കെട്ടുകഥകളെയും ഇസ്രാഈലിയ്യത്തുകളെയും നിശിതമായി നിരൂപണം നടത്തുകയും ചെയ്യുന്നുണ്ട് ഗ്രന്ഥകാരൻ. ആമുഖത്തിൽ അദ്ദേഹം എഴുതുന്നു: ദുഃഖകരമെന്നു പറയട്ടെ, ഇസ്‌ലാമിന്റെ സുന്ദരമായ മുഖം വികൃതമാകുന്ന അടിസ്ഥാനമില്ലാത്ത കെട്ടുകഥകളും ഇസ്രാഈലിയ്യത്തുകളും തഫ്സീറുകളിൽ ഇടം നേടിയിട്ടുണ്ട്. നബി(സ)യെ ആക്രമിക്കാൻ ഇസ്‌ലാം വിരോധികൾക്ക് അവസരം നൽകുന്ന കഥകളും അവയിലുണ്ട്. നബി(സ)യും സൈനബുമായി ബന്ധപ്പെട്ട് പ്രചരിച്ച കഥ ഉദാഹരണം. കെട്ടിച്ചമച്ച പെരും നുണയാണതെന്നും കേട്ട മാത്രയിൽ തള്ളിക്കളയേണ്ടതാണെന്നും അറിഞ്ഞ ശേഷമാണ് പല മുഫസ്സിറുകളും അത് ഉദ്ധരിച്ചിട്ടുള്ളത്! ചില തഫ്സീറുകളിൽ കാണപ്പെടുന്ന 'ഗർനൂഖി'ന്റെ കഥയും (*സൂറത്തുന്നജ്മി*ന്റെ വിശദീകരണം) അത്യന്തം അപകടകരമാണ്." ഇസ്‌ലാമിനെതിരിലുള്ള ഗൂഢാലോചനയുടെ ഭാഗമായ ഇത്തരം കെട്ടുകഥകൾ എത്ര ലാഘവത്തോടെയാണ് പണ്ഡിതന്മാർ തഫ്സീറുകളിൽ ഉദ്ധരിച്ചതെന്നും ഗ്രന്ഥകാരൻ ചോദിക്കുന്നു.

"സയണിസ്റ്റുകളും കുരിശുപൂജകരും വിഗ്രഹാരാധകരുമൊക്കെ അവരുടെ വിനാശകരമായ ചിന്തകളെ ഖുർആൻ വ്യാഖ്യാനങ്ങളിലും ഹദീസുകളിലും ചരിത്രത്തിലും കടത്തികൂട്ടിയിട്ടുണ്ട്. പക്ഷേ, വിവേകശാലികളായ പണ്ഡിതർ അവയെക്കുറിച്ച് ബോധവാന്മാരാവുകയും സത്യവും അസത്യവും തമ്മിൽ വേർതിരിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഖേദകരമെന്നു പറയാം, അത്തരം ശ്രമങ്ങൾക്കു ശേഷവും പല തഫ്സീറുകളും പ്രതിയോഗികളുടെ കുതന്ത്രങ്ങൾ വഴി കടന്നുകൂടിയ കെട്ടുകഥകളിൽനിന്ന് മുക്തമല്ല.

"തഫ്സീറുകൾ ഒട്ടേറെയുണ്ടെങ്കിലും ഖുർആനിക ആശയങ്ങൾ പൂർണമായും വിശദീകരിക്കാൻ അവക്കൊന്നും കഴിയില്ല, ഖുർആൻ ഒരു മഹാ സാഗരമാണ്. തഫ്സീറുർറഅ്‌യിന്റെ പേരിൽ നമുക്ക് ചിന്തിക്കാൻ പോലുമാകാത്ത പല കെട്ടുകഥകളും അനിസ്‌ലാമികാശയങ്ങളും തഫ്സീറുകളിൽ കടന്നുകൂടിയിട്ടുണ്ട്. പലരും തഫ്സീറുകളുടെ രണ്ട് ചട്ടകൾക്കുള്ളിലുള്ളതെല്ലാം ആധികാരികമാണെന്നും അറബിഭാഷയിൽ എഴുതപ്പെടുന്നതെല്ലാം ശരിയാണെന്നും അവയൊക്കെ വിശ്വസിക്കൽ നിർബന്ധമാണെ

ന്നും ധരിച്ചുവശായിട്ടുണ്ട്. വിവേചന ബോധത്തോടെ അവയെ സമീപിക്കുകയും യഥാർഥ വസ്തുതകളെ വേർതിരിച്ചെടുക്കുകയും ചെയ്യേണ്ടതുണ്ട്" - അദ്ദേഹം ഗൗരവത്തോടെ ഉണർത്തുന്നു. ഭൗതികവാദികളുടെയും ഇസ്‌ലാംവിരോധികളായ സാമ്രാജ്യത്വശക്തികളുടെയും കൈയടി വാങ്ങാനായി ഗുരുതരമായ കൃത്രിമങ്ങൾ നടത്തുന്ന ആധുനികരായ 'ഖുർആൻ വ്യാഖ്യാതാക്കളെ'ക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട് ഗ്രന്ഥകാരൻ.

പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച ഖുർആനിക വിവരണങ്ങൾ മുൻനിർത്തി ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളെ അദ്ദേഹം വിശകലനം ചെയ്യുന്നു. ആമുഖത്തിൽ ശൈഖ് ത്വൻത്വാവിയെ അദ്ദേഹം ഉദ്ധരിക്കുന്നു: "ശൈഖ് ത്വൻത്വാവി അദ്ദേഹത്തിന്റെ തഫ്സീറിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: സാമ്പത്തികവും രാഷ്ട്രീയവും മറ്റുമായ മുഴുവൻ വിധിവിലക്കുകളെയും 129 ആയത്തുകളിൽ ഖുർആൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശേഷമുള്ള മുഴുവൻ ആയത്തുകളിലും ചരിത്രവിവരണവും കഥകളും പാഠങ്ങളുമാണുള്ളത്." വിശുദ്ധ ഖുർആനിന്റെ അജയ്യതയെയും ഭൗതികനിയമങ്ങളുടെ ദൗർബല്യത്തെയും ഈ പരാമർശം മുൻനിർത്തി നിരൂപണം ചെയ്യുന്നുണ്ട് ഗ്രന്ഥകാരൻ.

## സയ്യിദ് ഖുത്വ്ബിന്റെ സ്വാധീനം

ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക ചിന്തകനും ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതാവുമായ ശഹീദ് സയ്യിദ് ഖുത്വ്ബാണ് തന്നെ ഏറ്റവുമധികം സ്വാധീനിച്ചതെന്ന് സയ്യിദ് ഇസ്മാഈൽ തങ്ങൾ പറയുന്നു. സയ്യിദ് ഖുത്വ്ബിന്റെ വിഖ്യാത ഖുർആൻ വ്യാഖ്യാനഗ്രന്ഥം *ഫീ ദിലാലിൽ ഖുർആനാണ്* തന്നെ ഹഠാദാകർഷിച്ച തഫ്സീർ എന്ന് പറയുന്ന തങ്ങൾ, ഖുത്വ്ബിനെതിരായ തീവ്രവാദാരോപണങ്ങളെ അവജ്ഞയോടെ തള്ളിക്കളയുകയും ഇസ്‌ലാമിന്റെ രക്തസാക്ഷിയായി അദ്ദേഹത്തെ വിശേഷിപ്പിക്കുകയും ചെയ്യുന്നു.

ഇസ്മാഈൽ തങ്ങൾ എഴുതുന്നു; "*തഫ്സീർ ഇബ്നു കസീർ, തഫ്സീറുർ റാസി, റൂഹുൽ മആനി, അദ്‌വാഉൽ ഖുർആൻ, ഫീ ദിലാലിൽ ഖുർആൻ* തുടങ്ങിയവയാണ് എന്റെ പ്രധാന അവലംബങ്ങൾ. *ഫീ ദിലാലിൽ ഖുർആനിൽ*നിന്ന് ഞാൻ വളരെയേറെ ഉദ്ധരിച്ചിട്ടുണ്ടെന്ന് പ്രത്യേകം സൂചിപ്പിക്കുന്നു. സയ്യിദ് ഖുത്വ്ബ് 'ഇഖ്‌വാനിയാണ്, അൽജമാഅത്തുൽ ഇസ്‌ലാമിയ്യക്കാരനാണ്, മതമൗലികവാദിയാണ്, തീവ്രവാദിയാണ്, പിന്തിരിപ്പനാണ്' എന്നൊക്കെ പലരും പറയാറുണ്ട്. ഞാൻ പറയുന്നു: അതൊന്നും എനിക്കറിയേണ്ടതില്ല, അവർക്കിതൊക്കെ എവിടെനിന്നുകിട്ടി? അമൂല്യവും ആധികാരികവുമാണ് അദ്ദേഹത്തിന്റെ തഫ്സീർ."

"ഒരു കാര്യം വ്യക്തമാണ്. മുഴുവൻ പൂർവിക തഫ്സീറുകളിലെയും ആശയങ്ങളെ അത്ഭുതാവഹമായ ശൈലിയിലും ആകർഷകമായ രൂപത്തിലും ആവിഷ്കരിക്കുന്ന അനുപമ ഖുർആൻ വ്യാഖ്യാനമാണ് *ഫീ ദിലാലിൽ ഖുർആൻ*. മറ്റെല്ലാ തഫ്സീറുകളേക്കാളും മികവുറ്റതാണത്. വിശുദ്ധ ഖുർആനാകുന്ന സാഗരത്തിന്റെ ആഴങ്ങളിൽനിന്ന് രത്നങ്ങൾ പെറുക്കിയെടുക്കുന്നു! പ്രകാശം പൊഴിക്കുന്ന അമൂല്യ മുത്തുകൾ! അത് നമ്മുടെ മനസ്സിനെ പിടിച്ചുലക്കുന്നു, ബോധമണ്ഡലങ്ങളെ അസ്വസ്ഥമാക്കുന്നു, രോമാഞ്ചമുണ്ടാക്കുന്നു, ഹൃദയങ്ങളെ പിളർക്കുന്നു, സ്വർഗത്തിന്റെ നായകനെന്നപോലെ സമാധാനപൂർണമായ ചിത്തത്തോടെ ചിലപ്പോൾ നമ്മെ സ്വർഗത്തിലേക്കാനയിക്കുന്നു. ചിലപ്പോൾ നരകത്തിന്റെ ഭയവിഹ്വലതകളിലേക്കും ഭീകരതയിലേക്കും കൂട്ടിക്കൊണ്ടുപോകുന്നു. 'ഒരു സമ്പത്തും സന്താനങ്ങളും പ്രയോജനപ്പെടാത്ത ദിനത്തിൽ' അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുന്നതു പോലെയുണ്ട്!"

"ഞാൻ ആത്മഗതം ചെയ്യുന്നു: എന്തൊരു യുവാവായിരുന്നു അദ്ദേഹം! ഏതൊരു യൗവനത്തെയാണവർ നശിപ്പിച്ചുകളഞ്ഞത്! എന്തു കുറ്റത്തിന്റെ പേരിലാണദ്ദേഹം പിടിക്കപ്പെട്ടത്! പാശ്ചാത്യ-പൗരസ്ത്യ നാഗരികതളുടെ വക്താവായിരുന്നു ആദ്യകാലത്ത് അദ്ദേഹം. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം സത്യമാർഗത്തിലേക്ക് വന്നു. അല്ലാഹുവിന്റെ തൃപ്തിയും സ്വർഗവും തെരഞ്ഞെടുത്തു. ദജ്ജാലിന്റെ സ്വർഗവും ജനങ്ങളിൽനിന്ന് കിട്ടാവുന്നതും നിരാകരിച്ചു. 'നിങ്ങളുടെ അന്ധകാരത്തിന്റെ താഴ്‌വാരങ്ങളിൽ ഞാനൊരു പ്രകാശം കാണുന്നു, വരൂ നിങ്ങൾക്ക് ഇതിൽനിന്ന് വെളിച്ചം കൊളുത്തിയെടുക്കാം' എന്നദ്ദേഹം തന്റെ ജനതയെ ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ പേനയുടെ മൂർച്ച യൂറോപ്പിനെ ശ്വാസം മുട്ടിച്ചു, അമേരിക്കയെ വിറപ്പിച്ചു, കമ്യൂണിസത്തെ കാറ്റിൽ പറത്തി."

"അവരെല്ലാം ചേർന്ന് ഗൂഢാലോചന നടത്തി, അദ്ദേഹത്തെ ഭൂമുഖത്തുനിന്ന് നിഷ്കാസനം ചെയ്യാൻ കുതന്ത്രങ്ങൾ ആവിഷ്കരിച്ചു, കിഴക്കും പടിഞ്ഞാറുമുള്ള ത്വാഗൂത്തിന്റെ ദാസന്മാരും ആധുനിക ഫറോവമാരും അത് സ്വാഗതം ചെയ്തു! അങ്ങനെ അത് സംഭവിച്ചു! ഖുർആനിന്റെ തണലിൽ അദ്ദേഹം രക്തസാക്ഷ്യം വരിച്ചു, അല്ലാഹു അദ്ദേഹത്തിന് അത്യുന്നതമായ ഇല്ലിയ്യീനിൽ സുഖജീവിതം നൽകട്ടെ."

പൂർവികരും ആധുനികരുമായ പണ്ഡിതന്മാരും മുസ്‌ലിം എഴുത്തുകാരും പ്രസംഗകരും പരസ്പരം പുലർത്തുന്ന അസഹിഷ്ണുതയെയും, ഉത്കൃഷ്ട മൂല്യങ്ങളെല്ലാം കളഞ്ഞുകുളിച്ച് പേനയും നാവുമുപയോഗിച്ച് പരസ്പരം ചീത്തവിളിക്കുകയും പരിഹസിക്കുകയും ശാപവാക്കുകൾ ചൊരിയുകയും ജാഹിലിയ്യാ രീതിയിൽ വാദപ്രതിവാദങ്ങൾ നടത്തുകയുമൊക്കെ ചെയ്യുന്നതിനെയും ശക്തമായി വിമർശിക്കുന്ന ഇസ്മാഈൽ തങ്ങൾ തഫ്സീറിനെഴുതിയ ആമുഖത്തിന്റെ അവസാനത്തിൽ ഒരു ഇസ്‌ലാമിക പണ്ഡിതന്റെ വിശാലമനസ്കത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്: "എന്റെ തഫ്സീറിൽ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളെല്ലാം ശരിയും അവലംബയോഗ്യവുമാണെന്ന് ഞാൻ വാദിക്കുന്നില്ല. എല്ലാം നിരൂപണം ചെയ്യപ്പെടേണ്ടതാണ്. ഈ ഗ്രന്ഥം ഖുർആനിന്റെ തഫ്സീറാണെന്ന് പറയാൻ ഞാൻ ധൈര്യപ്പെടുന്നില്ല." ഖുർആനിന്റെ തെല്ലിലൂടെയുള്ള ഒരു യാത്ര മാത്രമാണിത്.'

കേരളീയ മുസ്‌ലിം സമൂഹത്തിന്റെ ശാപമായി മാറിയ സംഘടനാവൽക്കരണത്തിന്റെ സങ്കുചിതത്വമായിരിക്കാം ഇത്തരം സംഭാവനകൾ അംഗീകരിക്കപ്പെടാതിരിക്കാനും പ്രചാരം നേടാതിരിക്കാനും കാരണം. തഫ്സീറിലും മറ്റു കൃതികളിലുമൊക്കെ ഇസ്മാഈൽ തങ്ങൾ പ്രകടിപ്പിക്കുന്ന പല വീക്ഷണങ്ങളോടും നമുക്ക് വിയോജിപ്പുണ്ടാകാം. എല്ലാം എല്ലാവർക്കും അംഗീകരിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. എങ്കിലും, ഇസ്‌ലാമിക വൈജ്ഞാനിക മേഖലക്കും മുസ്‌ലിം സമൂഹത്തിനും അദ്ദേഹം നൽകുന്ന മഹത്തായ സംഭാവനകൾ അംഗീകരിക്കപ്പെടേണ്ടതാണ്. ■